**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **14-10-2024 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ക്വാളിറ്റി കൺട്രോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ശാരീരിക-മാനസിക-സാമൂഹ്യ വെല്ലുവിളികൾ നേരിടുന്ന രോഗികളുടെയും കുടുംബാംഗങ്ങളുടെയും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്ന ഒരു സമഗ്ര സമീപനമായാണ് പാലിയേറ്റീവ് കെയറിനെ ലോകാരോഗ്യ സംഘടന നിർവചിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേരളത്തിന്റെ പാലിയേറ്റീവ് കെയർ രംഗത്തെ പ്രവർത്തനങ്ങൾ സവിശേഷമാണെന്ന് ലോകാരോഗ്യസംഘടന വിശേഷിപ്പിച്ചിട്ടുണ്ട്. 2023-ൽ ലോകാരോഗ്യ സംഘടന ദക്ഷിണപൂർവ്വേഷ്യൻ റീജിയണൽ വർക്ക്ഷോപ്പിനെ ആസ്പദമാക്കി പ്രസിദ്ധീകരിച്ച റിപ്പോർട്ടിലാണ് പാലിയേറ്റീവ് പരിചരണ രംഗത്ത് കേരളം വിജയകരമായ മാതൃകയാണ് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ദീർഘകാല രോഗങ്ങൾമൂലം ശാരീരികവും മാനസികവും സാമൂഹികവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന രോഗികളുടേയും കുടുംബാഗങ്ങളുടേയും സമഗ്ര പരിചരണ സംവി ധാനമായിട്ടാണ് കേരളത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നത്. സമഗ്ര പരിചരണം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് രോഗികളെ അവരുടെ വീടുകളിൽ ചെന്ന് പരിചരിക്കുന്ന "ഹോം കെയർ സംവിധാനം" ഏർപ്പെടുത്തിയിട്ടുള്ളത്. സർക്കാർ തലത്തിൽ 1142 പ്രൈമറി ഹോം കെയർ യൂണിറ്റുകളും, 231 സെക്കൻഡറി ഹോം കെയർ യൂണിറ്റുകളും, സന്നദ്ധ സംഘടന കളുടെ നേതൃത്വത്തിൽ 500 ലധികം ഹോം കെയർ യൂണിറ്റുകളും കേരളത്തിൽ പ്രവർത്തി ക്കുന്നു. വിവിധ ഹോം കെയർ യൂണിറ്റുകൾ വഴി ഒരു സമയത്ത് രണ്ടരലക്ഷത്തോളം രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിത നിലവാരം ഉയർത്തുന്ന വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണോ എന്നറിയിക്കുമോ; പാലിയേറ്റീവ് പരിചരണം ശാസ്ത്രീയമാക്കാനായി പ്രത്യേക കർമ്മ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ച സംസ്ഥാനം കേരളമാണ്. 2008 ലാണ് കേരളം പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചത്. 2019 ൽ പുതുക്കിയ പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചു. സാന്ത്വനപരിചരണ മേഖലയിലെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി വിശദമായ ഒരു കർമ്മ പദ്ധതി വിദഗ്ധരെ ഉൾപ്പെടുത്തി ചർച്ച ചെയ്ത് രൂപീകരിച്ച് 2023 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചു. ഈ കർമ്മ പദ്ധതിക്കനുസൃതമായിട്ടാണ് നിലവിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവിധ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഏകോപനം സാധ്യമാക്കൽ, മെഡിക്കൽ കോളേജുകളിലും ക്യാൻസർ സെന്ററുകളിലും പാലിയേറ്റീവ് വിഭാഗം ആരംഭിക്കൽ, ആയുഷ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, സന്നദ്ധ പ്രവർത്തകർക്കും ആരോഗ്യപ്രവർത്തകർക്കും വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ, രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ കർമ്മ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (സി) | പ്രിയപ്പെട്ടവരുടെ മരണത്തെത്തുടർന്ന് ഉടലെടുക്കുന്ന വിയോഗാനുഭവവും വ്യഥയും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ 'ബെറീവ്മെന്റ് കമ്പാനിയൻഷിപ്പ് പ്രോഗ്രാം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | രോഗികളുടെ മരണശേഷവും ഹോം കെയർ ടീമും ടീമംഗങ്ങളായ ആശാപ്രവർത്തകരും സന്നദ്ധപ്രവർത്തകരും രോഗികളുടെ വീടുകൾ സന്ദർശിച്ച് കുടുംബാംഗങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുന്നുണ്ട്. പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരെ പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ, കമ്മ്യൂണിറ്റി മെന്റൽ ഹെൽത്ത് പ്രോഗ്രാം സന്നദ്ധ സംഘടനകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി പിന്തുണ ലഭ്യമാക്കി വരുന്നു. |
| (ഡി) | പാലിയേറ്റീവ് കെയർ സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ; രജിസ്റ്റർ ചെയ്യുന്ന പാലിയേറ്റീവ് പരിചരണ യൂണിറ്റുകൾക്കുവേണ്ടി ക്വാളിറ്റി കൺട്രോൾ സംവിധാനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | 2023 ജൂലൈയിൽ പുറത്തിറക്കിയ പാലിയേറ്റീവ് കെയർ കർമ്മ പദ്ധതിയിൽ വീടുകളിൽ മെഡിക്കൽ, നഴ്സിംഗ് പരിചരണം നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സംസ്ഥാന തലത്തിലും, മാനസിക, സാമൂഹ്യ പിന്തുണ ലഭ്യമാക്കുന്ന സംഘടനകൾക്ക് തദ്ദേശ സ്ഥാപനതലത്തിലും രജിസ്ട്രേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലങ്ങളിലും നിലവിൽ പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളെ വിളിച്ചുചേർത്ത് മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | വിശദീകരിച്ചുകൊണ്ടുള്ള പരിശീലനം നൽകി രജിസ്ട്രേഷൻ നടപടികൾ ആറുമാസം കൊണ്ട് പൂർത്തീകരിക്കുവാൻ ആണ് ലക്ഷ്യമിടുന്നത്. രജിസ്ട്രേഷൻ ലഭിക്കുന്ന സന്നദ്ധ സംഘടനകളെ കൂടി ഉൾപ്പെടുത്തി തദ്ദേശസ്ഥാപന തലത്തിൽ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ഇപ്പോൾ സർക്കാർ പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ നടപ്പിലാക്കിവരുന്ന ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം പുതുതായി രജിസ്ട്രേഷൻ ലഭിക്കുന്ന സന്നദ്ധ സംഘടന യൂണിറ്റുകളിലും നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ